(ബി) ടെക്നോ പാർക്കിൽ പ്രവർത്തനം ആരംഭിച്ച ഇന്റർനാഷണൽ ബിസിനസ് സർവീസ് ഗ്രൂപ്പ് സിസ് എയർ എമിറേറ്റ്സ് എന്നീ രണ്ടു വൻകിട വിദേശ കമ്പനികളുമായി ബിസിനസ് നടത്തുന്നുണ്ട്.

(സി) ടെക്നോ പാർക്കിന്റെ വിപുലീകരണത്തിലൂടെ 3000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

32 (534) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയർ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ നടത്തുവാൻ ഗവൺമെന്റിന് എന്തെല്ലാം പദ്ധതിയുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽമുടക്കും പരിഷ്കരിച്ച സാങ്കേതിക വിദ്യയുംകൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതിനുള്ള നടപടി സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചടക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധനമാക്കി മാറ്റി പലിശ ബാദ്ധ്യത കുറയ്ക്കുക, സമാനസ്വഭാവമുള്ളതോ എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക, തുടങ്ങിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പുനരുദ്ധാരണം ആവശ്യമായ വ്യവസായ വകുപ്പിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ തക്കസമയത്ത് ധനസഹായം നൽകുവാൻ ഒരു പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ നയരൂപീകരണത്തിന് സെക്ടർ തിരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചു വരുന്നു.

33 (535) ബാംബൂ ബോർഡ് ഫാക്ടറി

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനമായ ബാംബു ബോർഡ് ഫാക്ടറി 1998-99 സാമ്പത്തിക വർഷത്തിൽ എന്തു ലാഭം ഉണ്ടാക്കി എന്ന് വിശദമാക്കുമോ;

(ബി) ഇവിടുത്തെ സാധനങ്ങൾ വിറ്റഴിക്കാത്തതുമൂലം എന്തു തുകയ്ക്കുള്ള നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിൽ പുതിയതായി നിയമിച്ച ആളുകളെ സ്ഥിരപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ നിയമനം മൂലം സർക്കാരിന് എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാംബൂ ബോർഡ് ഫാക്ടറിയുടെ 1998-99 വർഷത്തെ പ്രത്യേക ലാഭക്കണക്ക് തയ്യാറാക്കിയിട്ടില്ല. ബാംബൂ ബോർഡ് ഫാക്ടറി ഉൾപ്പെടെയുള്ള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 1998-99ലെ താൽക്കാലിക കണക്കുകൾ പ്രകാരം മൊത്തം ലാഭം 35,64,000 രൂപയാണ്.

(ബി) നഷ്ടം ഉണ്ടായിട്ടില്ല.

(സി) ഈ പ്രശ്നം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

34 (536) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. ഇ.ടി. മുഹമ്മദു ബഷീർ :
ശ്രീ. പി.കെ.കെ ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു;

(ബി) അതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നുവെന്നും അറിയിക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നവ ലാഭകരമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) അതിന്റെ ഫലമായി എത്ര വ്യവസായങ്ങൾ ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയെന്നും ആ വ്യവസായങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly